بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 04.03.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 12

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّیۡطَانِ الرَّجِیۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ ○ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡهِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَلَا الضَّآلِّیۡنَ ○

താരീഖ് ത്വബരിയിൽ എഴുതിയിരിക്കുന്നു, ഖലീഫയുടെ തിരഞ്ഞെടുപ്പിന്റെ സമയത്ത് ഹദ്റത് ഹുബാബ് ബിൻ മുൻസർ അഭിപ്രായപ്പെട്ടത്, മുഹാജിരീങ്ങൾ അൻസാറുകളുടെ തണലിൽ ആയതുകൊണ്ട് അൻസാറുകളുടെ തീരുമാനം അനുസരിച്ചുകൊണ്ട് ഒരു അമീറിനെ അൻസാറുകളിൽ നിന്നും ഒരു അമീറിനെ മുഹാജിരീങ്ങളിൽ നിന്നും തിരഞ്ഞെടുക്കുക. തദവസരത്തിൽ ബശീർ ബിനു സഅ്ദിന്റെ അഭിപ്രായം, മുഹമ്മദ്(സ)ന്റെ ഖുറൈശി സമൂഹം, നേതൃത്വത്തിന് ഏറ്റവും അർഹരും അനുയോജ്യരുമാണ്. സുനൻ കുബ്റാ മിൻ നസാഇയിൽ ഇങ്ങനെ വന്നിരിക്കുന്നു, (ഇരു കൂട്ടരിൽ നിന്നും ഓരോ അമീറിനെ തിരഞ്ഞെടുക്കുകയെന്നു പറഞ്ഞ) ആ അവസരത്തിൽ ഹദ്റത് ഉമർ(റ) പറഞ്ഞു: ഒരു ഉറയിൽ രണ്ടു വാളുകൾ ഇരിക്കുന്നതല്ല. പിന്നെ അദ്ദേഹം ഹദ്റത് അബൂബക്കർ(റ)ന്റെ കൈ പിടിച്ചുകൊണ്ട് അദ്ദേഹത്തിന്റെ 3 മേൻമകൾ പറഞ്ഞു:

اِذۡ هُمَا فِی الۡغَارِ اِذۡ یَقُوۡلُ لِصَاحِبِهٖ لَا تَحۡزَنۡ اِنَّ اللّٰهَ مَعَنَا

അതായത് അവർ രണ്ടുപേരും ഗുഹയിൽ ആയിരുന്നപ്പോൾ അദ്ദേഹം തന്റെ കൂട്ടുകാരനോട് ഇങ്ങനെ പറയുകയായിരുന്ന സന്ദർഭം, ഭയപ്പെടേണ്ട തീർച്ചയായും അല്ലാഹു നമ്മോടപ്പമുണ്ട്. ഗുഹയിൽ ഉണ്ടായിരുന്ന അവർ രണ്ടു പേര് ആരായിരുന്നു.? നബി(സ)ന്റെ കൂടെ അവിടെ ഉണ്ടായിരുന്ന കൂട്ടുകാരൻ ആരായിരുന്നു.? ഇത്രയും പറഞ്ഞുകൊണ്ട് ഹദ്റത് ഉമർ(റ) ഹദ്റത് അബൂബക്കർ(റ)ന് ബൈഅത്ത് ചെയ്തു. അങ്ങനെ ജനങ്ങളും ബൈഅത് ചെയ്തു. ഈ ബൈഅത്ത്, ബൈഅത്തെ സഖീഫഃ എന്നും ബൈഅത്തെ ഖാസഃ എന്ന പേരിലും പ്രസിദ്ധമാണ്.

ഹദ്റത് അനസ് ബിൻ മാലിക്(റ) നിവേദനം ചെയ്യുന്നു: ബൈഅത്തിന്റെ രണ്ടാമത്തെ ദിവസം ഹദ്റത് ഉമർ ബിൻ ഖത്വാബ്(റ) പ്രഭാഷണം നടത്തിക്കൊണ്ട് പറഞ്ഞു: ജനങ്ങളെ, ഞാൻ നിങ്ങളോട് നബി(സ) മരിച്ചിട്ടില്ല എന്ന് പറഞ്ഞിരുന്നു. അത് സംബന്ധമുള്ള പരാമർശം അല്ലാഹുവിനെ ഗ്രന്ഥത്തിൽ എവിടെയും കണ്ടില്ല. മാത്രമല്ല, നബി കരീം(സ) എന്നോട് അത് സംബന്ധിച്ച് വസിയ്യത്ത് ചെയ്തിട്ടുമില്ല. ഞാൻ കരുതിയത് നമ്മളെല്ലാം ആദ്യം മരിക്കുമെന്നും നബി(സ) ഏറ്റവും അവസാനമാണ് മരിക്കുക എന്നുമാണ്. അല്ലാഹു നിങ്ങളുടെ കാര്യങ്ങൾ നിങ്ങളിൽ ഏറ്റവും ഉത്തമനായ വ്യക്തിയുടെ കൈകളിൽ ആണ് ഏല്പിച്ചിട്ടുള്ളത്. അദ്ദേഹം തിരുനബി(സ)യുടെ സുഹൃത്താണ്. ثَانِیَ اثۡنَیۡنِ اِذۡ هُمَا فِی الۡغَارِ എന്നതിന്റെ സാക്ഷാത്കാരമാണ്. ആയതിനാൽ എഴുന്നേൽക്കൂ, അദ്ദേഹത്തിന് ബൈഅത്ത് ചെയ്യൂ. ചുരുക്കത്തിൽ ജനങ്ങൾ സഖീഫ ബൈഅത്തിനുശേഷം അബൂബക്കർ(റ)ന് ബൈഅത്ത് ചെയ്തു.

ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ) പൊതു ബൈഅത്തിന്റെ ദിവസം ഒരു പ്രഭാഷണം നടത്തിക്കൊണ്ട് പറഞ്ഞു: ജനങ്ങളെ തീർച്ചയായും ഞാൻ നിങ്ങൾക്കുമേൽ മേൽനോട്ടക്കാരനായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളിൽ ഏറ്റവും ഉത്തമനൊന്നുമല്ല. ഞാൻ നല്ലത് ചെയ്യുമ്പോൾ എന്നോടൊപ്പം സഹായിക്കുവിൻ. വക്രത സ്വീകരിച്ചാൽ എന്നെ നേരയാക്കുവിൻ. ഞാൻ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുമ്പോൾ നിങ്ങൾ എന്നെ അനുസരിക്കുക. ധിക്കരിക്കുകയാണെങ്കിൽ നിങ്ങൾക്ക് എന്റെ അനുസരണം നിർബന്ധമല്ല.

ഹദ്റത് അലി(റ) ഹദ്റത് അബൂബക്കർ(റ)നെ ബൈഅത്ത് ചെയ്തത് സംബന്ധിച്ച് വ്യത്യസ്ത നിവേദനങ്ങൾ വിവരിക്കപ്പെട്ടിട്ടുണ്ട്. അല്ലാമാ ഇബ്നു കഥീർ എഴുതുന്നു: ഹദ്റത് അലിയ്യുബിൻ അബീത്വാലിബ്(റ) തിരുനബി(സ)ന്റെ വഫാത്തിനുശേഷം ആദ്യത്തേയോ രണ്ടാമത്തെയോ ദിവസം ഹദ്റത് അബൂബക്കർ(റ)ന് ബൈഅത്ത് ചെയ്യുകയുണ്ടായി. ഹദ്റത് അലി(റ) ഒരിക്കലും ഹദ്റത് അബൂബക്കർ(റ)നെ ഒഴിവാക്കിയിട്ടില്ല. ഹദ്റത് അബൂബക്കർ(റ)ന്റെ പിന്നിൽ നമസ്കരിക്കുന്നത് ഉപേക്ഷിച്ചിട്ടുമില്ല.

ഹദ്റത് മസീഹ് മൗഊദ്(അ) വിവരിക്കുന്നു: ഹദ്റത് അലി(റ) ആദ്യമാദ്യം ഹദ്റത് അബൂബക്കർ(റ)നു ബൈഅത് ചെയ്യുന്നതിൽ അമാന്തം കാണിച്ചിരുന്നു. പിന്നെ വീട്ടിലെത്തിയപ്പോൾ, അല്ലാഹുവിനറിയാം എന്തോ ചിന്ത വരികയും തലപ്പാവ് പോലും ധരിക്കാതെ തൊപ്പിയും ഇട്ട് ഉടനെ ബൈഅത് ചെയ്യാൻ വന്നു;

തലപ്പാവ് പിന്നീട വരുത്തിക്കുകയാണ് ചെയ്തത്. മനസ്സിലാകുന്നത്, അത് വലിയ പാപമാണെന്ന് അദ്ദേഹം ചിന്തിക്കുകയും അതുകൊണ്ട് ഇത്ര മാത്രം ശീഘ്രത കാണിക്കുകയുമുണ്ടായി.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ഹദ്റത് അബൂബക്കർ(റ)നെ നോക്കുക. അദ്ദേഹം മക്കയിലെ ഒരു സാധാരണ കച്ചവടക്കാരനായിരുന്നു. എന്നാൽ തിരുനബി(സ)നെ പിൻപറ്റിയതുകൊണ്ട് ഹദ്റത് അബൂബക്കർ(റ)ന് ഇന്ന് മുഴുവൻ ലോകവും ഭക്തിപൂർവം ആദരിക്കപ്പെടുന്ന സ്ഥാനം ലഭ്യമായി. ഹദ്റത് അബൂബക്കർ(റ)ന്റെ പിതാവ് അബൂകഹാഫയോട് ആരോ പറഞ്ഞു: താങ്കൾക്ക് അഭിനന്ദനങ്ങൾ, അബൂബക്കർ ഖലീഫയായിരിക്കുന്നു. ഇത് കേട്ടപ്പോൾ ആദ്യം അദ്ദേഹത്തിന് വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്നാൽ അദ്ദേഹത്തോട് ഈ കാര്യം ഉറപ്പിച്ച് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹു അക്ബർ, മുഹമ്മദ്(സ)ന്റെ സ്ഥാനം എത്ര മാത്രം വലുതാണ്. അബൂഖുഹാഫയുടെ മകനെ അറബികൾ തങ്ങളുടെ നേതാവായി അംഗീകരിച്ചിരിക്കുന്നു.

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഅവ്വൽ(റ) വിവരിക്കുന്നു. തീർച്ചയായും അറിയുക അല്ലാഹു ആരുടേയും ഔദാര്യം തന്റേമേൽ വെക്കുന്നില്ല. അല്ലാഹുവിനു നൽകുന്നതിന്റെയത്ര അവൻ അയാൾക്ക് ആയിരമോ ലക്ഷക്കണക്കിനോ മടങ്ങ് അത് തിരിച്ച് കൊടുക്കുന്നു. നോക്കുക അബൂബക്കർ(റ) മക്കയിൽ ഒരു സാധാരണ കച്ചവടക്കാരനായിരുന്നു. എന്നാൽ അല്ലാഹു അദ്ദേഹത്തെ എത്രമാത്രം വിലമതിച്ചു എന്ന് നോക്കുക. അതിന് പകരമായി അദ്ദേഹത്തെ ഒരു സാമ്രാജ്യത്തിന്റെ അധിപനാക്കുക തന്നെ ചെയ്തു.

ഹദ്റത് അബൂബക്കർ(റ) ഒരിക്കൽ സ്വപ്നം കണ്ടു. അദ്ദേഹത്തിന്റെ ശരീരത്തിൽ ഒരു ജോഡി യെമനി പുതപ്പുകൾ ഉണ്ട്. എന്നാൽ അതിന്റെ നെഞ്ച് ഭാഗത്ത് രണ്ടു അടയാളങ്ങളും ഉണ്ടായിരുന്നു. നബി(സ) ഈ സ്വപ്നത്തെ പറ്റി പറഞ്ഞു: യമനി പുതപ്പിന്റെ ജോഡി കൊണ്ട് ഉദ്ദേശിക്കുന്നത് നിങ്ങൾക്ക് നല്ല മക്കളെ ലഭിക്കുമെന്നാണ്. രണ്ട് അടയാളം കൊണ്ടുള്ള വിവക്ഷ, രണ്ടു വർഷത്തെ ഇമാറത്ത് ആകുന്നു. അതായത് നിങ്ങൾ രണ്ടു വർഷം മുസ്‌ലിംകൾക്കുമേൽ ഭരണാധിപനായിരിക്കുന്നതാണ്.

ഖിലാഫത് തിരഞ്ഞെടുപ്പിനുശേഷം ഹദ്റത് അബൂബക്കകർ(റ)ന്റെ വ്യക്തിപരമായ ചെലവുകൾക്ക് വേണ്ടി വർഷത്തിൽ ആറായിരം ദിർഹം സ്റ്റൈപൻഡ് അംഗീകരിക്കപ്പെട്ടു. എന്നാൽ ഹദ്റത് അബൂബക്കർ(റ)ന്റെ വഫാത്ത് സമീപസ്ഥമായപ്പോൾ ബൈത്തുൽമാലിൽ നിന്ന് എടുത്തിട്ടുള്ള സ്റ്റൈപൻഡ് മുഴുവനും തിരിച്ചടക്കാൻ അദ്ദേഹം തന്റെ കുടുംബക്കാർക്ക് നിർദേശം നൽകി. അത് കൊടുക്കുന്നതിനുവേണ്ടി എന്റെ ഇന്ന ഇന്ന ഭൂമി വിൽക്കേണ്ടതാണ്. അങ്ങനെ ഹദ്റത് ഉമർ ഖലീഫയായി; ആ തുക അദ്ദേഹത്തിന്റെ അടുക്കൽ എത്തിയപ്പോൾ അദ്ദേഹം കരഞ്ഞുകൊണ്ട് പറഞ്ഞു: അല്ലയോ അബൂബക്കർ, താങ്കൾ താങ്കളുടെ പിൻഗാമിക്കുമേൽ വളരെ വലിയൊരു ഭാരമാണ് നൽകിയിട്ടുള്ളത്.

ഖുലഫാഉർറാശിദീങ്ങൾക്കിടയിൽ ഹദ്റത് അബൂബക്കർ(റ)ന്റെ ഖിലാഫത്ത് കാലം രണ്ടേ കാൽ വർഷത്തെ ചുരുങ്ങിയ കാലഘട്ടമായിരുന്നു. എന്നാൽ ഈ ചെറിയ കാലഘട്ടം വളരെ സുപ്രധാനവും സുന്ദരവുമായ കാലഘട്ടമെന്നു പറയാൻ അർഹതയുള്ളതാണ്. കാരണം ഹദ്റത് അബൂബക്കർ(റ)നു ഭയാനകവും പ്രയാസഭരിതവുമായ കാര്യങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. പിന്നെ അല്ലാഹുവിൽ നിന്ന് ലഭിച്ച അനിതരസാധാരണമായ പിന്തുണയുടെയും സഹായത്തിന്റെയും അനുഗ്രഹത്തിന്റെയും ഫലമായി അബൂബക്കർ(റ)ന്റെ ഉന്നതമായ ധൈര്യവും ധീരതയും ഉൾക്കാഴ്ചയും തിരിച്ചറിവും മുഖേന കുറഞ്ഞ കാലഘട്ടമായിരുന്നിട്ടു കൂടി ഭയാനകമായ എല്ലാ മേഘങ്ങളും മാറ്റപ്പെട്ടു. എല്ലാ ഭയവും സമാധാനത്തിലേക്കു മാറി.

ഹദ്റത് അബൂബക്കർ(റ)ന് അഞ്ചു തരത്തിലുള്ള പ്രയാസങ്ങളെ നേരിടേണ്ടി വന്നു. 1. തിരുനബി(സ)ന്റെ വഫാത്തും വേർപാടിന്റെ ദുഃഖവും. 2. ഖിലാഫത്ത് തിരഞ്ഞെടുപ്പും ഉമ്മത്തിലെ ഫിത്നകളും ഭിന്നിപ്പിന്റെ ഭയാനകതയും 3. ഉസാമയുടെ സൈന്യം പുറപ്പെടുന്നത് സംബന്ധിച്ച വിഷയം. 4. മുസ്‌ലിംകൾ എന്ന് പറഞ്ഞുകൊണ്ട് സകാത്ത് കൊടുക്കാൻ വിസമ്മതിക്കുകയും മദീനയെ ആക്രമിക്കാൻ ശ്രമിച്ചവരും. ഇത് ചരിത്രത്തിൽ സകാത്ത് നിഷേധക്കാരുടെ ഫിത്ന എന്ന് അറിയപ്പെടുന്നു. 5. മുർതദുകളുടെ ഫിത്ന. അതായത് ധിക്കാരികളും കലാപക്കാരും പ്രത്യക്ഷത്തിൽ കലാപമുണ്ടാക്കുകയും യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. ഈ കലാപത്തിൽ സ്വന്തം നിലക്ക് നുബുവ്വത്ത് വാദം ഉന്നയിച്ചവരും ഉൾപ്പെട്ടിരുന്നു. ഭയവിഹ്വലമായ ഈ എല്ലാ അവസ്ഥയിലും പ്രയാസങ്ങളെയും ഫിത്നകളെയും ഇല്ലാതാക്കി അല്ലാഹു ഹദ്റത് അബൂബക്കർ(റ)ന് വിജയങ്ങൾ നൽകി.

ഹദ്റത് മസീഹ് മൗഊദ്(അ) ഹദ്റത് അബൂബക്കർ(റ)നെ ഹദ്റത് മൂസാ(അ)ന്റെ ആദ്യ ഖലീഫ ഹദ്റത് യൂശഅ് ബിൻ നൂനിനോട് സാദൃശ്യപ്പെടുത്തികൊണ്ട് ഹദ്റത് അബൂബക്കറിന് അഭിമുഖീകരിക്കേണ്ടി വന്ന പ്രയാസങ്ങളെയും വിജയങ്ങളെയും നേട്ടങ്ങളെയും വിവരിച്ചുകൊണ്ട് പറയുന്നു:

وَعَدَ اللّٰهُ الَّذِیۡنَ اٰمَنُوۡا مِنۡکُمۡ وَ عَمِلُوا الصّٰلِحٰتِ لَیَسۡتَخۡلِفَنَّهُمۡ
فِی الۡاَرۡضِ کَمَا اسۡتَخۡلَفَ الَّذِیۡنَ مِنۡ قَبۡلِهِمۡ ۪

എന്ന ആയത്തിൽ നിന്ന് മൂസവി ഖിലാഫത്ത് ശൃംഖലയും മുഹമ്മദീ ഖിലാഫത്ത് ശൃംഖലയും തമ്മിലുള്ള സാദൃശ്യം വ്യക്തമാകുന്നുണ്ട്.

സാദൃശ്യത്തിന്റെ ആദ്യത്തെ അടിത്തറ ഇടുന്നത് ഹദ്റത് അബൂബക്കർ(റ)വും സാദൃശ്യത്തിന്റെ അവസാന മാതൃക വെളിപ്പെടുത്തുന്നത് മുഹമ്മദീയ ഖാതമുൽ ഖുലഫാ ആയ മസീഹുമാണ്. ഏറ്റവും ആദ്യത്തെ ഖലീഫ ഹദ്റത് അബൂബക്കറിന്റേയും ഹദ്റത് യൂശഅ് ബിൻ നൂനിന്റെയും സാദൃശ്യം രണ്ടു ഖിലാഫത്തിന്റെയും ആദ്യ പരമ്പരയിലും ഹദ്റത് ഈസബ്നു മറിയമും ഈ ഉമ്മത്തിലെ മസീഹും തമ്മിലുള്ള സാദൃശ്യം രണ്ടു ഖിലാഫത്തിന്റെയും അവസാന പരമ്പരയിലും വളരെ വ്യക്തമായി കാണിച്ചു തരികയുണ്ടായി.

മൂസാ(അ)ന്റെ വഫാത്തിനുശേഷം ബനീഇസ്റാഈൽ യശൂഅ് ബിൻ നൂനിനെ അനുസരിച്ചു. ഇതേ സന്ദർഭം ഹദ്റത് അബൂബക്കർ(റ)നും വന്നു. എല്ലാവരും തിരുനബി(സ)യുടെ വേർപടിൽ കണ്ണീരൊഴുക്കുകയും ഹൃദയാത്മനാ ഹദ്റത് അബൂബക്കർ(റ)ന്റെ ഖിലാഫത്തിനെ സ്വീകരിക്കുകയും ചെയ്തു.

ഇസ്തിഖ്ലാഫിന്റെ ആയത്ത് വിവരിച്ചുകൊണ്ട് ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു സത്കർമകാരികളായ വിശ്വാസികളോട് വാഗ്ദാനം ചെയ്യുന്നു, ഹദ്റത് മൂസാ(അ)ക്ക് ശേഷം ആരംഭിച്ച ഖിലാഫത്ത് ഉണ്ടായിരുന്നതുപോലെ ഈ ശൃംഖലയിലും ഖിലാഫത്ത് സ്ഥാപിക്കുന്നതാണ്. അവരുടെ ദീനിനെ ഭൂമിയിൽ പ്രബലമാക്കുന്നതാണ്. അതിന്റെ വേരുകൾ ഇറക്കുന്നതാണ്. ഭയത്തിന്റെ അവസ്ഥയെ സമാധാനാവസ്ഥയിലേക്ക് മാറ്റുന്നതാണ്. ഈ ആയത്തിൽ വ്യക്തമായും പറയുന്നു: ഭയത്തിന്റെ കാലവും വരുന്നതാണ്; സമാധാനം ഇല്ലാതാകുന്നതാണ്. എന്നാൽ അല്ലാഹു ആ ഭയത്തിന്റെ കാലത്തെ സമാധാനത്തിലേക്ക് മാറ്റുന്നതായിരിക്കും. ഈ ഭയം യശൂഅ് ബിൻ നൂനിനും അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. അല്ലാഹുവിന്റെ കലാമിലൂടെ അദ്ദേഹത്തിന് സാന്ത്വനം നൽകിയതുപോലെ തന്നെ ഹദ്റത് അബൂബക്കർ(റ)നും ദൈവീക വചനങ്ങളിലൂടെ സാന്ത്വനം നൽകപ്പെട്ടു.

ലോകത്തെ ഇന്നത്തെ അതിഭയാനകമായ അവസ്ഥകളെ പരിഗണിച്ച് ദുആ ചെയ്യാൻ ആഹ്വാനം ചെയ്തുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇപ്പോൾ അണവായുധ യുദ്ധങ്ങളെ സംബന്ധിച്ചും ഭീഷണികൾ നൽകി തുടങ്ങിയിക്കുന്നു. ഞാൻ നേരത്തെ പല തവണ പറഞ്ഞു വന്നിട്ടുള്ളതാണ്, അതിന്റെ ഭയാനകമായ പരിണിതഫലം വരുംതലമുറകൾക്കും അനുഭവിക്കേണ്ടി വരും. അല്ലാഹു തന്നെ ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ. ഈ സമയത്ത് കൂടുതലായി സ്വാലാത്തും ചൊല്ലുക; ഇസ്തിഗ്ഫാറും ചൊല്ലിക്കൊണ്ടിരിക്കുക. (അല്ലാഹു നമ്മുടെ പാപങ്ങളെ പൊറുക്കുമാറാകട്ടെ. ലോകത്തിലെ നേതാക്കന്മാർക്കും ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ.)

ഹദ്റത് മസീഹ് മൗഊദ്(അ) ഒരിക്കൽ ജമാഅത്തിനെ പ്രത്യേകമായി ഉപദേശിച്ചുക്കൊണ്ട് പറഞ്ഞു.

رَبَّنَآ اٰتِنَا فِي الدُّنْيَا حَسَنَةً وَّ فِي الْاٰخِرَةِ حَسَنَةً وَّ قِنَا عَذَابَ النَّارِ

എന്ന ദുഃആ റുകൂഇന് ശേഷം നിൽകുമ്പോൾ ചെയ്തുകൊണ്ടിരിക്കുക. ഇത് ഇപ്പോൾ വളരെ ഏറെ ചൊല്ലേണ്ട ആവശ്യമുണ്ട്. അല്ലാഹു നന്മകൾ നൽകുമാറാകട്ടെ. എല്ലാ തരം അഗ്നിയുടെ ശിക്ഷയിൽ നിന്നും രക്ഷിക്കുമാറാകട്ടെ. (ആമീൻ).

ഹുസൂർ തിരുമനസ്സ് ശാമിലെ ജനാബ് അബുൽ ഫർജ് ഹുസ്നി സാഹിബിന്റെ മരണത്തിൽ അദ്ദേഹത്തിന്റെ നന്മകളെ സ്മരിച്ചുകൊണ്ട് ജമാഅത്തിനു ചെയ്ത സേവനങ്ങളെ അനുസ്മരിക്കുകയും ജുമുഅഃ നമസ്കാരത്തിനു ശേഷം ജനാസ നമസ്കരിപ്പിക്കുന്നതാണെന്നു അറിയിക്കുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Mubarak Mosque, Islamabad, UK – on 04.03.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**